പൂക്കോട് സ്കൂൾ റോഡ് പണി

1577. [2345] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അളഗപ്പ നഗർ പഞ്ചായത്തിൽപ്പെട്ട പൂക്കോട് സ്കൂൾ റോഡ് പണി ഫ്ളെഡ് റിലീഫ് പദ്ധതിയിൻകീഴിൽ എന്നാണ് ടെൻഡർ വിളിച്ചത്

(ബി) എന്നാണ് എഗ്രിമെന്റ് വച്ചത് ;

(സി) ഈ പണി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണമെന്താണ് ;

(ഡി) എസ്റ്റിമേറ്റ് പ്രകാരം തന്നെ ഈ പണി അടിയന്തിരമായി നടത്താൻ തൃശ്ശൂർ ലോക്കൽ ബോഡീസ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 16-11-1985-ൽ

(ബി) 10-2-1986-ൽ

(സി) തൃശ്ശൂർ ലോക്കൽ വർക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ നിന്നും ആവർത്തിച്ചുള്ള അഭ്യർത്ഥന ഉണ്ടായിട്ടും കരാറുകാരൻ പണി തുടങ്ങിയിട്ടില്ല.

തെരുവ് നായ്ക്കൾ

1578. [2346] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1985-86 വർഷത്തിനും 1986-87 വർഷത്തിൽ 25-10-1986 വരെയും അലഞ്ഞ് തിരിഞ്ഞ് നടക്കുന്നതും അല്ലാത്തതുമായ എത്ര പട്ടികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നശിപ്പിച്ചു. ;

(ബി) ഒരു പട്ടിയെ നശിപ്പിക്കാൻ പഞ്ചായത്ത് പ്രദേശത്ത് ഇന്ന് കൊടുക്കുന്ന പ്രതിഫലം എത്ര രൂപയാണ്. ;

(സി) പ്രസ്തുത തുക ഉയർത്തി ഓരോ വർഷം ഓരോ പഞ്ചായത്തിലും ഇക്കാര്യത്തിൽ 5,000 ക. വരെ ചെലവ് ചെയ്യാൻ എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവാദം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 4 രൂപ

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

1579. [2347] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് അതിർത്തിയിൽ ജോലി നോക്കുന്ന സർക്കാർ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന്റെ മാനദണ്ഡമെന്താണ് ?

(ബി) ഇത് മുനിസിപ്പൽ കോർപ്പറേഷൻ ഏരിയായിൽ ജോലി നോക്കുന്ന ജീവനക്കാർ നൽകേണ്ട നികുതിയേക്കാൾ വളരെ കൂടുതലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി കോർപ്പറേഷൻ ഏരിയാകളിൽ തൊഴിൽ നികുതി ഏകീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള പഞ്ചായത്ത് (പ്രൊഫഷണൽ ടാക്സ്) റൂൾസ് 1963-ലെ റൂൾ 3 പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽക്കരം ഈടാക്കുന്നത്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ക്ഷേത്രങ്ങളുടെ കൈവശഭൂമി

1580. [2348] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രങ്ങളുടെ കൈവശഭൂമി അന്യാധീനപ്പെട്ടുപോകാതിരിക്കാൻ സർക്കാർ ഭൂമിക്കുള്ള സംരക്ഷണ നിയമം ദേവസ്വം ഭൂമിക്കും ബാധകമാക്കാൻ നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) അതിന്റെ വിശദവിവരങ്ങൾ പറയാമോ ?

ഉത്തരം

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല.

ക്ഷേത്രങ്ങളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

1581. [2349] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡുവക ക്ഷേത്രങ്ങളുടെ ഗ്രേഡ് തിരിക്കുന്നത് എന്ത് മാനദണ്ഡത്തിലാണ് ;

(ബി) ദേവസ്വംബോർഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ദേവസ്വം ബോർഡാണ് ഈ കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

ജഡ്ജിമാരുടെയും മുൻസിഫുമാരുടെയും ശിപായികൾ

1582. [2253] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജഡ്ജിമാർക്കും മുൻസിഫുമാർക്കും ഔദ്യോഗികാവശ്യങ്ങൾക്ക് രണ്ട് ശിപായിമാരുടെ സേവനം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇവരെക്കൊണ്ട് വീട്ട് ജോലികൾ ചെയ്യിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പരാതി ഇല്ലാതാക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly